(സി) അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ സംസ്ഥാന തലത്തിൽ മൊത്തമായുണ്ടാകുന്ന ഒഴിവുകൾ തിട്ടപ്പെടുത്തി പി.എസ്.സി. മുഖേന നികത്തേണ്ടവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് അഡ്വൈസ് ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് കെ.എസ്.ഇ. ബോർഡിന്റെ വിവിധ ഓഫീസുകളിൽ നിയമിക്കുകയാണ് പതിവ്.

(ഡി) കെ.എസ്.ഇ. ബോർഡിൽ റിട്ടയർമെന്റ് തീയതി ഏകീകരണം നടപ്പാക്കിയിട്ടില്ല. നിലവിൽ റിട്ടയർമെന്റ്, തീയതി പ്രൊമോഷൻ എന്നിവ മുഖേനയുണ്ടായിട്ടുള്ളതായ ഒഴിവുകളാണ് (എ)-യുടെ ഉത്തരത്തിൽ പറഞ്ഞിട്ടുള്ളതായ 229 ഒഴിവുകൾ.

(ഇ) ശൂന്യവേതനാവധി മുഖേനയുള്ള ഒഴിവുകൾ - 20

പ്രൊമോഷൻ മുഖേനയുള്ള ഒഴിവുകൾ - 101

റിട്ടയർമെന്റ് മുഖേനയുള്ള ഒഴിവുകൾ - 4

ടി ഒഴിവുകളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടവ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എഫ്) നടപടികൾ സ്വീകരിച്ചു വരുന്നു.

ഇരിക്കൂർ, തളിപ്പറമ്പ്, പേരാവൂർ നിയോജകമണ്ഡലങ്ങളുടെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള നടപടികൾ

192 (1156) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ഇരിക്കൂർ, തളിപ്പറമ്പ്, പേരാവൂർ നിയോജക മണ്ഡലങ്ങളുടെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള നടപടികൾ വിശദീകരിക്കുമോ ;

(ബി) ഓരോ നിയോജകമണ്ഡലത്തിലും വൈദ്യുതീകരണം പൂർത്തിയാക്കുവാൻ എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ കണ്ണൂർ ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത് ;

(ഡി) ഇതിന്റെ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എല്ലാ മണ്ഡലങ്ങളിലും എസ്റ്റിമേറ്റ് പൂർത്തീകരിക്കുന്നതിനും ഫണ്ടുകൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തളിപ്പറമ്പ്, പേരാവൂർ നിയോജക മണ്ഡലങ്ങളുടെ വൈദ്യുതീകരണത്തിനുള്ള ഉത്തരവ് ബോർഡ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇരിക്കൂറിൽ 18.917 കോടി രൂപയും തളിപ്പറമ്പിൽ 3.264 കോടി രൂപയും പേരാവൂരിൽ 4.57 കോടി രൂപയും വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി കണ്ണൂർ ജില്ലയിൽ നടപ്പിലാക്കുന്നതിനുവേണ്ടി 1971.40 ലക്ഷം രൂപയാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. നിയോജക മണ്ഡലം തിരിച്ച് അനുമതി ലഭിച്ചിട്ടില്ല.

(ഡി) കണ്ണൂർ ജില്ലയിൽ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള കരാർ കൽക്കട്ടയിലെ ബെൻടെക് ഇലക്ട്രിക്കൽസ് ആന്റ് ഇലക്ട്രോണിക്സ് എന്ന കമ്പനിക്ക് 8-9-2010-ൽ നൽകി. പ്രാരംഭ ജോലികൾ ആരംഭിച്ചു.

വയനാട് ജില്ലയിൽ അനുവദിച്ച വൈദ്യുതി കണക്ഷനുകൾ

193 (1157) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികജാതിക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ നൽകിയ വൈദ്യുതി കണക്ഷനുകളുടെ ആകെ എണ്ണം വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ നൽകിയ വൈദ്യുതി കണക്ഷനുകളുടെ എണ്ണം മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ ;

(സി) വയനാട് ജില്ലയിലെ വൈദ്യുതി മേഖലയിൽ ഈ സർക്കാർ നടപ്പിലാക്കിയ വികസന-നവീകരണ പ്രവർത്തനങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) 54168 കണക്ഷനുകൾ.

(ബി)

മണ്ഡലത്തിന്റെ പേര്	കണക്ഷനുകളുടെ എണ്ണം
സുൽത്താൻ ബത്തേരി	18418
നോർത്ത് വയനാട്	24055
കല്പറ്റ	32333

(സി) ഈ സർക്കാർ വന്നതിനുശേഷം വയനാട് ജില്ലയിൽ 74806 വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. 316 കി. മീ. 11 കെ. വി. ലൈനും, 1546 കി. മീ. എൽ.റ്റി. ലൈനും നിർമ്മിച്ചു. 412 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു. 343 വോൾട്ടേജ് ഇംപ്രൂവ്മെന്റ് /സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രവൃത്തികൾ പൂർത്തീകരിച്ചു. 4 പുതിയ ഓഫീസുകൾ നിലവിൽ വന്നു.

LIBRARY ARCHIVES Kerala Legislative Assembly